**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 576** **02-02-2023 - ൽ മറുപടിയ്ക്ക്**

**നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി വെട്ടിപ്പ് വർദ്ധിച്ച് വരുന്നതിനാൽ നികുതി വരുമാനം പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | നികുതി വെട്ടിപ്പ് വർദ്ധിച്ചത് കാരണമാണ് ജി എസ് ടി വരുമാനം പ്രതീക്ഷിച്ച രീതിയിൽ ഉയരാത്തതെന്നു കണക്കാക്കിയിട്ടില്ല. ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി എസ് ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി എസ് ടി വന്നതോട് കൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ സ്വതന്ത്രമായി തീരുമാനം എടുക്കാൻ കഴിയാതായി. ജി എസ് ടി തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി എസ് ടി വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി. ജി എസ് ടി യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ചു ശതമാനം ആകത്തക്ക വിധത്തിൽ ആയിരുന്നു. വാറ്റ് സമ്പ്രദായത്തിൽ ഇത് 14.5% ആയിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി നിരക്കുകളിൽ കുറവ് വരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്നു ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി എസ് ടി വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. ജി എസ് ടി പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടു വരുന്നത്. ജി എസ് ടി യിലെ നികുതി വെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ |

| | | | |
|---|---|---|---|
| | | | കാണുന്നുണ്ട്. ജി എസ് ടി നിയമം കാലോചിതമായി പരിഷ്കരിച്ച് കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ, ഓഡിറ്റ് വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി അത് തടയുന്നതിനും നികുതിയും പിഴയും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രാജ്യമൊട്ടാകെ ജി എസ് ടി വരുമാനത്തിലുണ്ടായ വളർച്ചക്ക് ആനുപാതികമായ വളർച്ച ജി എസ് ടി വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. |
| (ബി) | നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ജി എസ് ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ സമഗ്രവും ശാസ്ത്രീയവുമായ പുനഃസംഘടന ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ടാക്സ്പേയർ സർവീസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുന്നതാണ്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിക്കൊണ്ടു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നുണ്ട്. ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ജി എസ് ടി യിലേക്ക് കൂടുതൽ ശ്രദ്ധ നൽകുന്നതിനായി ജി എസ് ടി ക്കു മുൻപുള്ള നിയമങ്ങളിന്മേലുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് വ്യാജരേഖ ചമച്ച് ഇൻപുട്ട് ടാക്സ് വെട്ടിപ്പ് നടത്തിയ നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | നികുതി വെട്ടിപ്പിനായി വ്യാജ ബില്ലുകൾ തയ്യാറാക്കി നൽകുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ്, ഇരുമ്പ്, പാഴ് ഉല്പന്ന വ്യാപാരം എന്നീ മേഖലകളിലാണ് മേൽപ്പറഞ്ഞ നികുതി വെട്ടിപ്പുകൾ പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട 4 കേസുകളിൽ നിന്നുമായി ജി എസ് ടി നിയമം |

| | | | |
|---|---|---|---|
| | | | സെക്ഷൻ 69 പ്രകാരം 6 അറസ്റ്റുകൾ വകുപ്പ് നടത്തിയിട്ടുണ്ട്. ഇതിനു പുറമെ ജി എസ് ടി നിയമം സെക്ഷൻ 122, 74 എന്നിവ പ്രകാരം നികുതി വെട്ടിച്ചവർക്കെതിരെ പിഴ ഈടാക്കൽ, നികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങളിൽ സെർച്ച് നടത്തി തുടർ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ, ഇന്റലിജൻസ് വിഭാഗങ്ങൾ വഴി വ്യാജ രേഖകളിലൂടെ ഇൻപുട്ട് ടാക്സ് വെട്ടിക്കുന്നവരെ കണ്ടെത്തി അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ജി എസ് ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ സമഗ്രവും ശാസ്ത്രീയവുമായ പുനഃസംഘടന ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുന്നതാണ്. വ്യാജ രേഖകളിലൂടെ ഇൻപുട്ട് ടാക്സ് വെട്ടിക്കുന്നവരെ കണ്ടെത്തി ജി എസ് ടി നിയമപ്രകാരം ഉചിതമായ നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ